**M 25110**

Reg. No.: ..................................

Name : ......................................

## II Semester M.A./M.Sc./M.Com. Degree (Reg./Supple./Improve.) Examination, March 2014
## MALAYALAM LANGUAGE AND LITERATURE
### Paper – V : Literature of Renaissance
**(നവോത്ഥാന സാഹിത്യം)**

Time : 3 Hours　　　　　　　　　　　　　　　　　　　　Max. Marks : 80

I. സന്ദർഭം കാണിച്ച് ആശയം വിശദമാക്കുക (**ഒന്നര പേജിൽ കവിയാതെ നാലെണ്ണം** മാത്രം).

1) അനീതി ബാധയില്ലാതെ
മാധവൻ നാടുവാഴവേ
അനീതി ബാധാകുലമാ –
യഹോ, ശോഭിച്ചു ഭൂതലം.

2) നിഴലിൻ വഴി പൈതൽ പോലെ പോ –
യുഴലാ ഭോഗമിരന്നു ഞാനിനി.

3) വിദ്യാർപ്പണം പാത്രമറിഞ്ഞു വേണം.

4) അയ്യയ്യോ ! ചക്രവാകി ! തീരാത്തതല്ലോ നിൻരാ –
വന്യജന്മത്തിൽ മാത്രമായതിൻ സൂര്യോദയം.

5) നിഗ്രഹോൽസുകം, സ്നേഹവ്യഗ്രമെങ്കിലും ചിത്തം.

6) ഏകമൂലശ്രുതിയിലീ നാനാ ജീവസ്വരങ്ങളെ –
യാകലനം ചെയ്യും ധീര ഗാനമെൻ ഗാനം. **(4×3=12)**

P.T.O.

II. **നാലു** പേജിൽ കവിയാതെ **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക.

7) മലയാളത്തിലെ ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ രൂപഭാവ സവിശേഷതകൾ വിശകലനം ചെയ്യുക.

8) കാല്പനികതക്ക് ചേക്കേറാവുന്ന എല്ലാ മണ്ഡലങ്ങളിലും മലയാള കവിത അതിന്റെ സാന്നിധ്യമറിയിച്ചിട്ടുണ്ടെന്ന പ്രസ്താവം എത്രത്തോളം യുക്തിസഹമാണ് ? **(1×8=8)**

III. **അയ്യഞ്ചു**പേജിൽ കവിയാതെ **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക.

9) റിയലിസത്തിന്റെ കലർപ്പുള്ള, നിയന്ത്രിതമായ ഒരു റൊമാന്റിസിസമാണ് 'നിശാഗന്ധി' യിലുള്ളതെന്ന് പറയാമോ ?

10) 'വി. കെ. എൻ. കഥകളിലെ ഫലിതത്തിന്റെ പ്രാണൻ മിക്കപ്പോഴും അതിശയോക്തി യാണ്.' – ചർച്ച ചെയ്യുക.

11) അനുഭവത്തിന്റെ തീക്ഷ്ണതയാർന്ന കഥകളാണ് ടി. കെ. സി. വടുതലയുടേത് – സമർത്ഥിക്കുക.

12) ലളിതാംബിക അന്തർജനത്തിന്റെയും കെ. സരസ്വതി അമ്മയുടെയും കഥാവതരണ രീതികൾ താരതമ്യം ചെയ്യുക. **(2×10=20)**

IV. **അയ്യഞ്ചു**പേജിൽ കവിയാതെ **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക.

13) സി. വി. കൃതികൾ രൂപം കൊണ്ട സാമൂഹിക സാംസ്കാരിക പശ്ചാത്തലം വിശദീകരിക്കുക.

14) മുസ്ലിം സമുദായത്തിന്റെ മാത്രമല്ല, മനുഷ്യസമുദായത്തിന്റെ തന്നെ സമ്പൂർണ വികാസമായിരുന്നു ബഷീർ ലക്ഷ്യമാക്കിയത് – വ്യക്തമാക്കുക.

15) അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന ഉൽക്കർഷേച്ഛയും മാനുഷിക ദൗർബല്യങ്ങളും തമ്മിലുള്ള സംഘർഷമാണ് രണ്ടിടങ്ങഴിയിൽ ഉള്ളതെന്ന് പറയാമോ ?

16) പാരമ്പര്യത്തിന്റെ പ്രേരണയിൽ ചലനമാരംഭിച്ച ജീവിതം പരിതോവസ്ഥകളുടെ പ്രേരണയിൽ പരിവർത്തന വിധേയമാകുന്ന തരത്തിലാണ് 'ഉമ്മാച്ചു'വിലെ ഇതിവൃത്തം സ്വരൂപിതമായിരിക്കുന്നത് – വ്യക്തമാക്കുക. **(2×10=20)**



V. **അയ്യഞ്ചു**പേജിൽ കവിയാതെ **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക.

17) നമ്പൂതിരി സമുദായത്തിന്റെ സാമൂഹിക പരിവർത്തനത്തിന് 'ഋതുമതി' ഏതെല്ലാം വിധത്തിൽ സഹായകമായി ?

18) എല്ലാ അർത്ഥത്തിലും മികച്ച ഒരു രാഷ്ട്രീയ നാടകമായിരുന്നു 'പാട്ടബാക്കി' – വിശദീകരിക്കുക.

19) പാപമോചനം കൂടാതെ സ്നേഹത്തിന്റെ വിജയത്തിനു വിശുദ്ധിയുണ്ടാവുകയില്ല എന്ന ദർശനം 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിൽ നിന്ന് ഉരുത്തിരിയുന്നതെങ്ങനെ ?

20) ഭാഷാശക്തികൊണ്ടും നാടകീയ വികാസത്തിന്റെ ബലം കൊണ്ടും മലയാളത്തിലുണ്ടായിട്ടുള്ള നാടകങ്ങളിൽ ഉന്നതസ്ഥാനത്ത് നിൽക്കുന്നതാണ് 'ലങ്കാലക്ഷ്മി' എന്ന അഭിപ്രായം നിരൂപിക്കുക. **(2×10=20)**

---